LIBRARY ARCHIVES Kerala Legislative Assembly

സന്ദർശകർക്കായി കടിവെള്ളം സജ്ജീകരിച്ചിട്ടുണ്ട്. സന്ദർശകർക്കായി ഒരു ക്ലോക്ക് റൂം തിരുവനന്തപുരം മൃഗശാലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും വിസ്തീർണ്ണമുള്ള മൃഗശാല എന്ന നിലയിൽ തിരുവനന്തപുരം മൃഗശാലയിൽ ആവശ്യക്കാർക്കായി 4 ബാറ്ററി വാഹനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിഭിന്ന ശേഷിയുള്ളവർക്കായി വീൽ ചെയറുകളും മുലയൂട്ടുന്ന അമ്മമാർക്കായി അതിനുള്ള സൗകര്യവും മൃഗശാലയിൽ ഏർപ്പെടുത്തുന്നതാണ്.

തിരുവനന്തപുരം മൃഗശാലയിലേക്ക് രണ്ട് ടോയ്ലറ്റ് ബ്ലോക്കുകൾ, 5 വിശ്രമ സങ്കേതങ്ങൾ, നാല് ബാറ്ററി വാഹനങ്ങൾ എന്നിവകൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം മൃഗശാലയിലെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽക്കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. സന്ദർശകർക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടെ മൃഗശാലയുടെ സമ്പൂർണ്ണ വികസനം ഉദ്ദേശിച്ചാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

മൃഗശാലകളുടെ ശോച്യാവസ്ഥ

316 (664) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഈ മൃഗശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) മൃഗശാലകളുടെ പുനരുദ്ധാരണത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകൾ പ്രവർത്തിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ ഉറന്ന പരിബന്ധനത്തിൽ പാർപ്പിക്കുന്നതിനുള്ള സ്ഥലമില്ലാത്തതിനാൽ പുതിയ മൃഗശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം പുത്തൂരിൽ കണ്ടെത്തി. തുടർന്ന് മൃഗശാല സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വനംവകുപ്പ് സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മൃഗശാല അതിന്റെ രൂപകല്പനയിലും നടത്തിപ്പിലും വൃത്തിയിലും ഇന്ത്യയിലെ മറ്റേതൊരു മൃഗശാലയോടും കിടപിടിക്കുന്നതാണ്.

(സി) തിരുവനന്തപുരം മൃഗശാലയുടെ അടുത്ത ഇരുപത് വർഷത്തെ വളർച്ച മുന്നിൽ കണ്ടുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നത് കാരണം അവിടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതില്ല. മൃഗങ്ങളെ അവയുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ പ്രദർശിപ്പിക്കൽ, രോഗ പരിചരണം എന്നിവ തിരുവനന്തപുരം മൃഗശാലയുടെ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൃസിയത്തിലെ ഉദ്യാന പരിപാലനം

317 (665) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിലെ മൃസിയം കോമ്പൗണ്ടിലെ അപൂർവ്വ ചെടികൾ ശരിയായ പരിചരണം ഇല്ലാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉദ്യാനം പരിചരിക്കുന്നതിനായി എത്ര ജീവനക്കാരാണുള്ളതെന്ന് വെളിപ്പെടുത്താമോ ; ഇവരുടെ മേൽനോട്ടത്തിനായി സൂപ്പർവൈസറി തസ്തികകൾ നിലവിലുണ്ടോ ;

(സി) പുൽത്തകിടികൾ ശരിയായ രീതിയിൽ പരിചരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൃസിയം കോമ്പൗണ്ടിലെ അപൂർവ്വ ചെടികൾ പരിചരണം ഇല്ലാതെ നശിക്കുന്നില്ല. എന്നാൽ അപൂർവ്വമല്ലാത്ത ചെടികൾക്ക് ഉണ്ടാകുന്ന പല രോഗബാധകളും കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വെള്ളായണി കാർഷിക കോളേജിലെ പാത്തോളജി വിഭാഗത്തിന്റെ സഹായത്തോടെ രോഗപ്പകർച്ച തടയുന്നതിനും ചെടികളുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിചരണം നൽകിവരുന്നുണ്ട്.

(ബി) ഉദ്യാനം പരിചരിക്കുന്നതിന് 38 ഫുൾടൈം ഗാർഡനർമാരും രണ്ട് പാർട്ട് ടൈം ഗാർഡനർമാരും നിലവിലുണ്ട്. ക്ലീനിംഗിനായി 14 സ്വീപ്പർമാരും ഉണ്ട്. കൂടാതെ ഉദ്യാനം പരിചരിക്കുന്നതിന് ഗാർഡനർമാർ, സ്വീപ്പർമാർ, ഹെഡ് ഗാർഡനർ, ഗാർഡൻ സൂപ്പർവൈസർമാർ, കൃറേറ്റർ, ഗാർഡൻ സൂപ്രണ്ട് തുടങ്ങിയ തസ്തികകൾ ഉണ്ട്.

(സി) ദിനംപ്രതി ഇരുപതിനായിരത്തോളം സന്ദർശകർ വരുന്ന മൃസിയം കോമ്പൗണ്ടിലെ പുൽത്തകിടികളിൽ അതികഠിനമായ വേനൽക്കാലത്ത് ചെറിയ പരിക്കുകൾ ഉണ്ടാകുന്നുണ്ട്. എന്നാലും ബാക്കി വർഷം മുഴുവൻ പുൽത്തകിടി നന്നായി പരിചരിക്കുന്നതിന് ശ്രമിക്കുകയും അതിന്റെ ഫലം സന്ദർശകർക്ക് അനുഭവവേദ്യമാകുകയും ചെയ്യുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 623, 625, 630 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly